ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാന സർക്കാരിന്റെ ഓരോ ലോട്ടറിയിൽ നിന്നും വിറ്റുവരവായി ലഭിച്ച തുകയുടെ തരംതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

1.	കൈരളി	..	38,29,26,550 രൂപ
2.	പെരിയാർ	..	37,85,40,760 ,,
3.	സൗഭാഗ്യ	..	43,37,92,430 ,,
4.	ചൈതന്യ	..	11,52,28,730 ,,
5.	ജ്വാല	..	2,49,07,000 ,,
6.	ഐശ്വര്യ	..	1,34,81,500 ,,

(ബി) സമ്മാനത്തുകയായി ആകെ 54,49,97,803 രൂപയും, ഏജന്റ്സ് കമ്മീഷനായി 16,47,09,117 രൂപയും നൽകിയിട്ടുണ്ട്. ഓരോ ലോട്ടറിയുടേയും ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(സി)	1.	കൈരളി	..	65,88,919 രൂപ
	2.	സൗഭാഗ്യ	..	43,90,301 ,,
	3.	പെരിയാർ	..	43,88,156 ,,
	4.	ചൈതന്യ	..	14,58,872 ,,
	5.	ജ്വാല		കഴിഞ്ഞ സാമ്പത്തിക വർഷം പരസ്യത്തിനായി തുക ചെലവാക്കിയിട്ടില്ല.
	6.	ഐശ്വര്യ		
		ആകെ	..	1,68,26,248 രൂപ

(ഡി) ഉണ്ട്. കൈരളി പ്രതിവാര ഭാഗ്യക്കുറിയുടെ വിൽപ്പന വിപുലീകരിക്കുന്നതിന് സമ്മാനഘടന ആകർഷകമായ രീതിയിൽ പരിഷ്ക്കരിച്ച് പ്രതിവാര ഭാഗ്യക്കുറിയാക്കി മാറ്റുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. സമാനമായ പരിഷ്ക്കാരങ്ങൾ ഇതര ഭാഗ്യക്കുറികളുടെ കാര്യത്തിലും നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

ലോട്ടറി നറുക്കെടുപ്പിന്റെ ചെലവ്

26 [1158] ശ്രീ. യു. സി. രാമൻ:
,, സി. മമ്മൂട്ടി:
,, ടി. പി. എം. സാഹിർ:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി നറുക്കെടുപ്പിന്റെ ചെലവിന് എത്ര രൂപയാണ് അനുവദിക്കുന്നത് എന്നറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി വിശദീകരിക്കുമോ;

(ഡി) സുതാര്യമായും ജനപങ്കാളിത്തത്തോടെയും നറുക്കെടുപ്പ് നടത്തുന്നതിന് ചെലവിനത്തിൽ എന്നു മുതൽ തുക വർദ്ധിപ്പിച്ചു നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഓരോ നറുക്കെടുപ്പിനും രണ്ടായിരം രൂപ വീതം ചെലവിനത്തിൽ അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി ആന്റ് ഡി) പരിശോധിച്ചുവരികയാണ്.

ഇന്റർ ഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫറിലൂടെ നിയമനം ലഭിച്ചവർ

27 [1159] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇൻഷ്വറൻസ് വകുപ്പിൽ എത്ര പേർ ഇന്റർ ഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫറിലൂടെ നിയമിതരായിയെന്ന് വ്യക്തമാക്കുമോ; ഇവരുടെ പേര് നിലവിൽ ജോലി ചെയ്യുന്ന തസ്തിക പേരന്റ് ഡിപ്പാർട്ടുമെന്റ് എന്നീ വിവരങ്ങൾ നൽകാമോ;

(ബി) ഇവരിൽ പേരന്റ് ഡിപ്പാർട്ടുമെന്റിൽ അഞ്ചു വർഷത്തെ സേവനം പൂർത്തിയാക്കിയവർ ആരെല്ലാം എന്നു വ്യക്തമാക്കുമോ;

(സി) ഇന്റർ ഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫർ നിയമനത്തിനുള്ള ചട്ടങ്ങൾക്ക് അനുസൃതമായിട്ടാണോ ഇവരെ നിയമിച്ചത്; അല്ലെങ്കിൽ കാരണം അറിയിക്കാമോ;

(ഡി) ട്രാൻസ്ഫർ ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടാണ് നിയമനം നടത്തിയിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) ഇന്റർ ഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫറിലൂടെ നിയമനം നൽകിയവരിൽ ആരെയെങ്കിലും പേരന്റ് ഡിപ്പാർട്ടുമെന്റിലേക്ക് മടക്കി അയക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ കാരണം സഹിതം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly